## ഏകീകൃത സർവ്വകലാശാല നിയമം

30 (*150) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, കാലിക്കറ്റ്, മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകൾക്ക് വേണ്ടി ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരുന്നതിന് തീരുമാനമായോ ;

(ബി) എങ്കിൽ സർവ്വകലാശാലയുടെ ഭരണപരവും ധനപരവുമായ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിനും സർവ്വകലാശാലകളുടെ അക്കാഡമിക് സ്വയംഭരണം നിലനിർത്തുന്നതിനും ആവശ്യമായ പരിരക്ഷകൾ വ്യവസ്ഥ ചെയ്യുമോ എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഏകീകൃത സർവ്വകലാശാല ബിൽ നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ആവശ്യമായ പരിരക്ഷകൾ വ്യവസ്ഥ ചെയ്യും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ഭൂമി പൊന്നുംവിലയ്ക്കെടുത്തത് സംബന്ധിച്ച് നിലവിലുള്ള കേസ്സുകൾ

1 (598) ശ്രീ. എ. സുജനപാൽ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നുംവിലയ്ക്കെടുത്ത ഭൂമിയുടെ വില കുറഞ്ഞുപോയെന്നും ഉയർന്നവില അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട് ;

(ബി) ഇത്തരം കേസുകളിൽ തീർപ്പുണ്ടാക്കുന്നതിന് എന്തു കാലതാമസം വരും ;

(സി) ഉയർന്ന വിലയോടൊപ്പം പലിശയും നൽകണമെന്ന് കോടതികൾ വിധിക്കാറുള്ളതിനാൽ ഇത്തരം കേസുകൾ സമയബന്ധിതമായി തീരുമാനമെടുക്കുവാൻ സഹായകമായ എന്തെല്ലാം നിർദ്ദേശങ്ങൾ ഗവൺമെന്റ് അഭിഭാഷകർക്ക് കൊടുത്തിട്ടുണ്ട് ;

(ഡി) പൊന്നുംവിലയ്ക്കെടുക്കുന്ന ഭൂമിക്ക് ന്യായമായ വില നിശ്ചയിക്കുന്ന പക്ഷം ഇത്തരം കേസുകളുടെ എണ്ണം കുറയാനുള്ള സാദ്ധ്യതയുണ്ടോ എന്നു പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23.267 കേസുകൾ നിലവിലുണ്ട്.

(ബി) കോടതികളിൽ കേസുകൾ തീർപ്പുകല്പിക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ച് ഒരു നിശ്ചിത സമയം കണക്കാക്കുവാൻ സാധിക്കുകയില്ല. എന്നിരുന്നാലും ഭൂരിഭാഗം കേസ്സുകളിലും 5 മുതൽ 6 വർഷം വരെ കാലതാമസമുണ്ടാകുന്നതായി റിപ്പോർട്ടുണ്ട്.

(സി) എൽ. എ. ആർ. കേസ്സുകളിൽ മേൽ അപ്പീൽ ഫയൽ ചെയ്യേണ്ടതായി വരുന്ന സംഗതികളിൽ യഥാസമയം ജഡ്ജ്മെന്റിന്റേയും ഡിക്രിയുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വാങ്ങുന്നതിനും അഡ്വക്കേറ്റ് ജനറലിന് നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അപ്രകാരമുള്ള സംഗതികളിൽ ആവശ്യമായ എല്ലാ രേഖകളും ജില്ലാകളക്ടർക്ക് നൽകേണ്ടതാണെന്ന് ഗവൺമെന്റ് പ്ലീഡർക്ക് നിർദ്ദേശം നൽകികൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കേസ്സുകൾ നടത്തുന്ന ഗവൺമെന്റ് പ്ലീഡർമാർ കേസ്സുകളുടെ തീർപ്പിനെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിനും കളക്ടർക്കും നിയമോപദേശം സഹിതം വിവരം നൽകേണ്ടതാണെന്നും അപ്പീൽ ഫയൽ ചെയ്യേണ്ട സംഗതിയിൽ അപ്പീൽ ഫയൽ ചെയ്യേണ്ട തീയതി സൂചിപ്പിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേസ്സുകൾ ആരംഭിക്കുന്നതു മുതൽ തീർപ്പാക്കുന്നതുവരെയുള്ള കാലയളവിലെ വിവിധ ഘട്ടങ്ങളിൽ ഗവൺമെന്റ് പ്ലീഡർമാർ സമയബന്ധിതമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിന് ഓരോ മാസത്തിലും നടന്നു വരുന്ന സ്യൂട്ട് കോൺഫറൻസിൽ ഗവൺമെന്റ് പ്ലീഡർമാരോട് നിർദ്ദേശിക്കാറുണ്ട്.

(ഡി) സ്ഥലമെടുപ്പ് നിയമ പ്രകാരം രജിസ്റ്റർ ചെയ്ത പ്രമാണങ്ങളെ അടിസ്ഥാനമാക്കി ന്യായമായ വിലയാണ് നിശ്ചയിക്കുന്നത്. വില അധികരിച്ചു കിട്ടാൻ കേസുകൾ കോടതിയിലേക്ക് റഫർ ചെയ്യാൻ നിയമത്തിൽ സൗകര്യമുള്ളതുകൊണ്ടും ഇതിലേയ്ക്കായി പ്രത്യേകം കോടതി ഫീസില്ലാത്തതുകൊണ്ടും ഇത്തരം കേസുകളുടെ എണ്ണം കുറയ്ക്കുള്ള സാദ്ധ്യത കുറവാണെന്നാണ് കാണുന്നത്.

**മലയോര താലൂക്ക് രൂപീകരണം**

**2 (599)** ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ അന്നത്തെ സർക്കാർ പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിലെ മലയോര താലൂക്ക് രൂപീകരണം യാഥാർത്ഥ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദ വിവരങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഒരു മലയോര താലൂക്ക് രൂപീകരണമെന്ന തീരുമാനം 2001-ൽ അന്നത്തെ സർക്കാർ കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly